# തിരുവനന്തപുരം സിറ്റി പോലീസ്

## മെഡിക്കൽ കോളേജിൽ രോഗിയായി അഭിനയിച്ചു രോഗികളുടെ മൊബൈൽ ഫോൺ മോഷണം നടത്തുന്നയാൾ പിടിയിൽ

*തിരുവനന്തപുരം:-* മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗികളടെയും കൂട്ടിരിപ്പുകാരുടേയും മൊബൈൽ ഫോണുകൾ മോഷണം നടത്തുന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പള്ളിച്ചൽ ഹോമിയോ കോളേജിനു സമീപം മേപ്പള്ളിയൂർകോണത്തു ഹാജാ ഹുസൈൻ H22) നെയാണ് മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. മോഷ്ടിച്ചെടുത്ത വിലപിടിപ്പുള്ള 5 മൊബൈൽ ഫോണുകളും ഇയാളിൽ നിന്നും പിടിച്ചെടുത്തു. രോഗിയെപ്പോലെ കൈയിൽ ബാൻഡേജ് വെച്ചു കെട്ടിയും കൂട്ടിരിപ്പുകാരനെന്ന വ്യാജേനയും ആശുപത്രിക്കുള്ളിൽ കറങ്ങി നടന്നാണ് ഇയാൾ മൊബൈൽ ഫോൺ മോഷണം നടത്തുന്നത്. മൊബൈൽ ഫോണുകൾ നഷ്ടപ്പെട്ടതായി പോലീസിനു ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രത്യേക പോലീസ് ടീമിനെ നിയോഗിച്ച് നടത്തിയ നിരീക്ഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. മെഡിക്കൽകോളേജ് എസ് എച്ച് ഒ ഹരിലാൽ, എസ് ഐ മാരായ പ്രശാന്ത്, അൻസാരി, എസ് സി പി ഓ ജോതി, സി പി ഓ മാരായ വിജിൻലാൽL നൗഫൽL രാജേഷ്, ശ്രീനിവാസൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.



മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്ത
**ഹാജാ ഹുസൈൻ (22)**